# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

കെ. എൻ. വേണുഗോപാലൻ കർത്ത
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9846720402

പി.ആർ.ഒ/36/143/2017 പത്രക്കുറിപ്പ് 2017 ജൂലായ് 10

**പരീക്ഷാതീയതി**

രണ്ടാം വർഷ ബി. പി. റ്റി. (2015 അഡ്മിഷൻ റഗുലർ/2008 മുതൽ 2014 വരെയുള്ള അഡ്മിഷൻ സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകൾ ജൂലായ് 26 ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ജൂലായ് 14 വരെയും, 50 രൂപ പിഴയോടെ 15 വരെയും, 500 രൂപ സൂപ്പർഫൈനോടെ 17 വരെയും സ്വീകരിക്കും. റഗുലർ വിദ്യാർത്ഥികൾ 100 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 20 രൂപ വീതം (പരമാവധി 100) സി.വി ക്യാമ്പ് ഫീസായി നിശ്ചിത പരീക്ഷാഫീസിനു പുറമേ അടക്കണം.

രണ്ടാം സെമസ്റ്റർ യു. ജി (സി. ബി. സി. എസ്. എസ് - 2013 ന് മുൻപുള്ള അഡ്മിഷൻ സപ്ലിമെന്ററി/ മേഴ്സിചാൻസ്) ഡിഗ്രി പരീക്ഷകൾ ജൂലായ് 25 ന് ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**ഗ്രേസ് മാർക്ക് അപേക്ഷാ തീയതി**

2017 ഫെബ്രുവരിയിൽ നടന്ന മഹാത്മാഗാന്ധി സർവ്വകലാശാലാ കലോത്സവ (നൂപുര-2017) വിജയികളുടെ ഗ്രേസ് മാർക്കിനുള്ള അപേക്ഷ പിഴയില്ലാതെ ജൂലൈ 31 വരെ സ്വീകരിക്കും.

**പരീക്ഷാഫലം**

2017 ജനുവരിയിൽ നടത്തിയ മൂന്നാം വർഷ ബി. എസ്സി. മെഡിക്കൽ ലബോറട്ടറി ടെക്നോളജി (റഗുലർ/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ജൂലായ് 22 വരെ സ്വീകരിക്കും.

2017 മെയ് മാസത്തിൽ നടത്തിയ അവസാന വർഷ ബി. ഫാം (റഗുലർ/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. ചെറുവണ്ടൂർ ഡി. പി. എസിലെ അഷ്ന. കെ. റഹിം, ജിസ്മി ലൂക്കോസ് പുതുപ്പള്ളി ഡി. പി. എസിലെ എസ്. കൃഷ്ണപ്രിയ എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും റാങ്കുകൾ നേടി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ജൂലായ് 24 വരെ സ്വീകരിക്കും.

**ര ാം സെമസ്റ്റർ പി. ജി. പരീക്ഷയക്ക് ഓൺലൈൻ ചോദ്യപേപ്പർ**

ജൂലൈ 11 ന് ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ ബിരുദാനന്തരബിരുദ പരീക്ഷകൾക്ക് ചോദ്യപേപ്പറുകൾ ഓൺലൈനായി തന്നെ ലഭ്യമാക്കും. ഇതോടനുബന്ധിച്ച് എല്ലാ കോളേജ് പ്രിൻസിപ്പൽമാർക്കും ചീഫ് സൂപ്രണ്ടുമാർക്കും നൽകിയിരുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. പരീക്ഷ തുടങ്ങിയതിനുശേഷം കോളേജുകളുടെ ഔദ്യോഗിക ഇ-മെയിൽ വിലാസങ്ങളിൽ മാറ്റം വരുത്തുവാൻ പാടുള്ളതല്ല.

**സംവരണ സീറ്റൊഴിവ്**

മഹാത്മാഗാന്ധി സർവ്വകലാശാലാ സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസിൽ മാസ്റ്റർ ഓഫ് ടൂറിസം ആന്റ് ട്രാവൽ മാനേജ്മെന്റ് കോഴ്സിൽ 2017 - 19 അധ്യയന വർഷത്തിൽ എസ്.ടി വിഭാഗത്തിൽ 2 സീറ്റൊഴിവുകളുണ്ട്. ഏതെങ്കിലും വിഷയത്തിലുള്ള ബിരുദമാണ് യോഗ്യത. താത്പര്യമുള്ള വിദ്യാർത്ഥികൾ അസ്സൽ സർട്ടിഫിക്കറ്റുകളുമായി ജൂലായ് 12 ന് രാവിലെ 10 മണിക്ക് സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസിൽ ഹാജരാകണം. ഫോൺ : 0481 2732922, 2733541.

മഹാത്മാഗാന്ധി സർവ്വകലാശാലാ സ്കൂൾ ഓഫ് പ്യൂവർ ആന്റ് അപ്ലൈഡ് ഫിസിക്സിൽ എസ്.ടി വിഭാഗത്തിൽ ഒരു സീറ്റൊഴിവുണ്ട്. യോഗ്യരായ വിദ്യാർത്ഥികൾ അസ്സൽ സർട്ടിഫിക്കറ്റുകളുമായി ജൂലായ് 13 ന് വൈകുന്നേരം 5 മണിക്കുള്ളിൽ സ്കൂൾ ഓഫ് പ്യൂവർ ആന്റ് അപ്ലൈഡ് ഫിസിക്സിൽ ഹാജരാകണം. വിശദവിവരങ്ങൾ www.mgu.ac.in എന്ന സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**അഭിമുഖം**

സ്കൂൾ ഓഫ് പ്യൂവർ ആന്റ് അപ്ലൈഡ് ഫിസിക്സിൽ ഡി. എസ്. റ്റി. പഴ്സ് (DST PURSE)പദ്ധതിയുടെ കീഴിൽ പ്രോജക്റ്റ് ഫെല്ലോ, ടെക്നിക്കൽ അസിസ്റ്റന്റ് എന്നീ ഒഴിവിലേക്ക് താത്കാലിക നിയമനത്തിനുള്ള അഭിമുഖം ജൂലൈ 12 ന് സ്കൂൾ ഓഫ് പ്യൂവർ ആന്റ് അപ്ലൈഡ് ഫിസിക്സിൽ വച്ച് നടത്തും. ഫോൺ : 0481 2731043.

**സിൻഡിക്കേറ്റ് യോഗം**

മഹാത്മാഗാന്ധി സർവ്വകലാശാലാ സിൻഡിക്കേറ്റ് യോഗം ജൂലൈ 22 ന് രാവിലെ 10.30 ന് സർവ്വകലാശാലാ സിൻഡിക്കേറ്റ് ഹാളിൽ വച്ച് നടത്തും.

**പുതുവഴികൾ തുറന്ന് എം. ജി യിൽ ജൈവകർഷകസംഗമം**

ജൈവ പാഠശാലകൾക്കും പച്ചക്കറി വീടുകൾക്കും വഴിതുറന്ന് എം. ജി സർവ്വകലാശാലയിൽ കർഷക സംഗമം. ജൈവ കൃഷിരീതികളും ജീവനമാർഗ്ഗങ്ങളും ജനകീയവൽക്കരിക്കുന്നതിനായി സർവ്വകലാശാല ആരംഭിക്കുന്ന സാക്ഷരതാ യജ്ഞത്തിന്റെ മുന്നോടിയായിട്ടാണ് കർഷക സംഗമം സംഘടിപ്പിച്ചത്. സർവ്വകലാശാലാ അസംബ്ലിഹാളിൽ നടന്ന പരിപാടിയിൽ ജില്ലയിലെ 104 കർഷകർ പങ്കെടുത്തു.

ഹരിത വിപ്ലവത്തിന്റെ ഉപജ്ഞാതാവായ എം. എസ്. സ്വാമിനാഥൻ ഇപ്പോൾ ജൈവകൃഷി രീതിയിലേക്ക് ലോകം മാറണമെന്ന് ആഹ്വാനം ചെയ്തിട്ടുണ്ട്. ആരോഗ്യരംഗത്തും പ്രകൃതിയുടെ സന്തുലിതാവസ്ഥയിലും ദോഷം സംഭവിച്ചു. വിഷാംശം മണ്ണിലും ജലത്തിലും വായുവിലും ഭക്ഷണത്തിലും കലർന്നുകൊണ്ടിരിക്കുന്നു. ഇതിന് മാറ്റം വരണമെങ്കിൽ ജൈവരീതി അവലംബിക്കണം - സംഗമം അഭിപ്രായപ്പെട്ടു. എം. ജി സർവ്വകലാശാലയിലെ അഡ്വാൻസ്ഡ് സെന്റർ ഫോർ എൻവയോൺമെന്റൽ സയൻസസ് ആന്റ് സസ്റ്റെയിനബിൾ ഡവലപ്മെന്റിന്റെ ഡയറക്ടർ പ്രൊഫ. എ. പി. തോമസ് അദ്ധ്യക്ഷത വഹിച്ചു.

കേരള ജൈവ കർഷക സമിതി സംസ്ഥാന സെക്രട്ടറി ജോർജ് മുല്ലക്കര, ജൈവം കോ - ഓർഡിനേറ്റർ ജി. ശ്രീകുമാർ, താലൂക്ക് കോ - ഓർഡിനേറ്റർമാരായ പ്രൊഫ. സി. ജി. സിജിമോൾ, പ്രൊഫ. അജിത് ജയിംസ് ജോസ് എന്നിവർ സംസാരിച്ചു.

**അടിക്കുറിപ്പ്.**

എം. ജി സർവ്വകലാശാല ആരംഭിക്കുന്ന ജൈവ സാക്ഷരതാ യജ്ഞത്തിന്റെ മുന്നോടിയായി നടന്ന കർഷക സംഗമത്തിൽ പ്രൊഫ. എ. പി. തോമസ് മുഖ്യപ്രഭാഷണം നടത്തുന്നു.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**